## കേരള സർക്കാർ
## പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

**നം. 65033/യു2/08/പൊ.വി.വ** **തിരുവനന്തപുരം, തീയതി: 17/01/2009**

ഗവ. സെക്രട്ടറി

ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം
തിരുവനന്തപുരം

സർ,

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം– ലബോറട്ടറി അസിസ്റ്റന്റുമാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നത് – സ്പഷ്ടീകരണം – സംബന്ധിച്ച്

സൂചന : 13/08/2008 ലെ എ.ഡി.എ3/7819/08 നമ്പരിലുള്ള താങ്കളുടെ കത്ത്.

സൂചനയിലെ കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിരീക്ഷണ കാലയളവിനുള്ളിൽ ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് പാസ്സാകാത്തവരുടെ പ്രൊബേഷൻ, ടിയാളുകൾ ടെസ്റ്റ് പാസ്സായതിനു ശേഷം മാത്രമേ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുവാൻ കഴിയു. പ്രൊബേഷൻ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ ഇവരുടെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിക്കാൻ കഴിയു.

31/12/1985 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് പ്രൊമോഷൻ ടെസ്റ്റുകൾ പാസ്സാകുന്നതിൽ നിന്നും താൽക്കാലികമായി ഒഴിവാക്കപ്പെടുന്നതിന് കെ.എസ്.ആന്റ് എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 13എ പ്രകാരം അർഹതയുണ്ടെങ്കിലും പ്രൊബേഷൻ പൂർത്തീകരിച്ചവർക്കു മാത്രമേ ടി ആനുകൂല്യം ലഭിക്കുകയുള്ളു.

അമ്പത് വയസ്സ് തികഞ്ഞവരെ വകുപ്പുകല പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും കെ.എസ്.ആന്റ് എസ്.എസ്.ആർ ഭാഗം II ലെ ചട്ടം 13 ബി പ്രകാരം സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ടെങ്കിലും ടി ചട്ടത്തിന്റെ അവസാന വ്യവസ്ഥ പ്രകാരം ഒരു തസ്തികയിൽ നിയമിക്കപ്പെടുന്നതിന് അത്യാവശ്യമായ യോഗ്യതയായി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള ടെസ്റ്റുകളിൽ നിന്നും ഒഴിവാക്കപ്പെടുന്നതിന് ടി ചട്ടം

അനുവദിക്കുന്നില്ല. ലബോറട്ടറി അറ്റൻഡർ പരീക്ഷ ടി തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള സാഹചര്യത്തിൽ അമ്പത് വയസ്സു പൂർത്തിയാക്കിയവരെ ടി ടെസ്റ്റ് പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

ആർ. ദേവരാജ്
അണ്ടർ സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി

**കീഴെഴുത്ത് നം. എ.ഡി.എ3/7819/2000** **തീയതി: 12/02/2009**

പകർപ്പ് എല്ലാ ഗവ. ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും അറിവിനായി അയക്കുന്നു. ലാബോറട്ടറി അസിസ്റ്റന്റുമാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ടി നിബന്ധനകൾ പാലിച്ചുകൊണ്ടാവണം ഈ ആഫിസിലേക്ക് സമർപ്പിക്കേണ്ടത് എന്നുമറിയിക്കുന്നു.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്:

1. എല്ലാ ഹയർ സെക്കന്ററി വിദ്യാഭ്യാസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എ.ഡി.എ4 സീറ്റ്
3. കരുതൽ ഫയൽ/അധികം